ഉത്തരം

(എ-സി) 25-9-2008-ൽ സർക്കാർ പുറപ്പെടുവിച്ച ട്രാൻസ്ഫർ സ്കീം പ്രകാരം കെ.എസ്.ഇ. ബോർഡിന്റെ ആസ്തി-ബാദ്ധ്യതകളും ജീവനക്കാരെയും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കി. ഇവ കമ്പനി നിയമം 1956 പ്രകാരം രൂപീകരിക്കുന്ന ഒരു കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കേണ്ടതുണ്ട്. ഇതിലേക്കായി 14-1-2011-ൽ "Kerala State Electricity Board Limited" എന്ന കമ്പനി രജിസ്റ്റർ ചെയ്തു. ഗവൺമെന്റിൽ നിക്ഷിപ്തമാക്കിയ ആസ്തി-ബാദ്ധ്യതകളും ജീവനക്കാരെയും ഈ കമ്പനിയിലേക്ക് മാറ്റേണ്ടതുണ്ട്. പുനഃസംഘടന പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് പി.എഫ്.സി.-യുടെ കീഴിലുള്ള M/s. PFC Consulting Limited എന്ന സ്ഥാപനത്തെ കെ.എസ്.ഇ. ബോർഡ് നിയോഗിച്ചിരുന്നു. ട്രാൻസ്ഫർ സ്കീം റീവെസ്റ്റിംഗും ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചു വരികയാണ്. റീവെസ്റ്റിംഗിനു വേണ്ട സമയപരിധി സർക്കാർ 31-3-2011 വരെ നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ചുള്ള വിവിധ വശങ്ങൾ പഠിച്ചുവരികയാണ്.

സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം വാങ്ങുന്നതിനായുള്ള ടെണ്ടർ

156 (1119) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികവർഗ്ഗക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അനർട്ടിൽ ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, പഞ്ചായത്തുകളിലും വിതരണം ചെയ്തു ; ഇവ സ്റ്റോക്കി ലെടുത്ത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഇവ പർച്ചേസ് ചെയ്യുന്നതിന് സ്വീകരിച്ച ടെണ്ടർ നടപടി എന്താണ് ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; എന്തെല്ലാം ഉപകരണങ്ങൾക്കാണ് ടെണ്ടർ ക്ഷണിച്ചത് ; എത്ര പ്രാവശ്യം ടെൻഡറുകൾ ക്ഷണിച്ചു ; ഓരോ പ്രാവശ്യവും ടെൻഡറുകൾ ക്ഷണിച്ച് കാൻസൽ ചെയ്യാൻ കാരണം എന്താണ് ; എത്ര രൂപയുടെ ടെൻഡറാണ് പല പ്രാവശ്യമായി വിളിച്ചത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ടെൻഡറിൽ പങ്കെടുത്ത കമ്പനികൾ ഏതെല്ലാം ; ഇവർ കാട്ട് ചെയ്ത ഓരോ ടെൻഡറിന്റെയും തുക എത്ര വീതം ; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ ; ഇവരുടെ സപ്ലൈ ഓർഡർ കൊടുത്ത ഉത്തരവിന്റെ കോപ്പികളും പേമെന്റ് നൽകിയ ഉത്തരവുകളുടെ കോപ്പികളും ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഊർജ്ജ സുരക്ഷാമിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ വിതരണം ചെയ്ത സോളാർ ലൈറ്റിംഗ് സിസ്റ്റങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി കൊടുക്കുന്നു.*

(ബി) ഉപകരണങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചത് ഓപ്പൺ ടെണ്ടർ നടപടികൾ ആണ്. പത്രപരസ്യം വഴി ടെണ്ടറുകൾ ക്ഷണിച്ചു. അവയുടെ സാങ്കേതിക പരിശോധനകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ യോഗ്യതയുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത്, അതിൽ ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തിയ കമ്പനിക്ക് വിതരണ ഉത്തരവാദിത്വം നൽകുകയാണുണ്ടായത്.

(i) ടെണ്ടർ നമ്പർ 01/2008-09 dated 21-2-2009 പ്രകാരം താഴെ പറയുന്ന ഉപകരണങ്ങൾക്കാണ് ടെണ്ടർ ക്ഷണിച്ചത്

സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം എം.എൻ.ആർ.ഇ. മോഡൽ

ഒരു പ്രാവശ്യം മാത്രമാണ് ഇക്കാര്യത്തിനായി ടെണ്ടർ ക്ഷണിച്ചത്. ഈ ടെണ്ടറിന്റെ ആകെ അടങ്കൽ തുക 6,30,50,000 രൂപയായിരുന്നു.

(ii) ടെണ്ടർ നമ്പർ 1172/Anert/2010 dated 30-4-2010 പ്രകാരം സോളാർ പിവി ലൈറ്റിംഗ് ഉപകരണങ്ങൾക്കും ടെണ്ടർ ക്ഷണിച്ചിരുന്നു. ഇതിന് മുന്നുതവണ ടെണ്ടർ വിളിച്ചിരുന്നു. ഇതിന്റെ അടങ്കൽ തുക 3,42,33,000 രൂപയായിരുന്നു.

മതിയായ എണ്ണം ടെണ്ടറുകൾ ലഭിക്കാത്തതുകാരണവും കൂടുതൽ കമ്പനികൾക്ക് അവസരങ്ങൾ നൽകുന്നതിനാണ് വീണ്ടും ടെണ്ടർ ചെയ്തത്.

(സി) യോഗ്യതയുടെ അടിസ്ഥാനത്തിൽ ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ രേഖപ്പെടുത്തിയ ടെണ്ടർ തുക താഴെ കൊടുക്കുന്നു.

(i) ടെണ്ടർ നമ്പർ 01/2008-09 dated 21-2-2009

1.	ഒമേഗ ഇലക്ട്രോണിക്സ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പാപ്പനംകോട് തിരുവനന്തപുരം - 695018	₹ 13,390 ഒരു സിസ്റ്റത്തിന്
2.	പെൽട്രൈഡവി പവർ കൺട്രോൾ പ്രൈ. ലിമിറ്റഡ് സി - 10 ജവഹർ നഗർ കവടിയാർ, തിരുവനന്തപുരം - 695003	₹ 12,599 ഒരു സിസ്റ്റത്തിന്
3.	എനിറോൺ എനർജി കോർപ്പറേഷൻ ഇന്ത്യപ്രൈ. ലിമിറ്റഡ് മാങ്ങാനം, മറിയൻ ആശുപത്രി, കോട്ടയം - 686027	₹ 11,695 ഒരു സിസ്റ്റത്തിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ii) ടെണ്ടർ നമ്പർ 1772/Anert/2010 dated 30-4-2010:

1.	സെഫ് ഗാർഡ് ലൈറ്റിംഗ് (ഇന്ത്യ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കുസർകോട് പുവത്തൂർ പി. ഒ., നെടുമങ്ങാട് തിരുവനന്തപുരം - 695561	₹ 6750 ഒരു സിസ്റ്റത്തിന്
2.	കൊടാക് ഊർജ്ജ പ്രൈവറ്റ് ലിമിറ്റഡ് 37810 ക്രോസ്, 4 ഫേസ് പീന്യ ഇൻഡസ്ട്രിയൽ ഏര്യ, ബാംഗ്ലൂർ - 560058	₹ 12,000 ഒരു സിസ്റ്റത്തിന്

ഊർജ്ജ സുരക്ഷാമിഷൻ RVEP പദ്ധതിയുമായി ബന്ധപ്പെട്ട് സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം വിതരണം ചെയ്ത വകയിൽ കമ്പനിക്ക് ഇതുവരെ പേമെന്റ് നൽകിയിട്ടുള്ളത് 3,93,32,624 രൂപയാണ്. ഇതുമായി ബന്ധപ്പെട്ട സപ്ലൈ ഓർഡറുകളുടെ പകർപ്പ് അനുബന്ധം II-ലും ഇതുവരെ നൽകിയ പേമെന്റ് ഉത്തരവുകൾ അനുബന്ധം III ആയും ചേർക്കുന്നു.*

സുനാമി പദ്ധതിയുടെ ഭാഗമായി കോവളം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

157 (1120) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവളം നിയോജക മണ്ഡലത്തിലെ ഓരോ വൈദ്യുതി സെക്ഷനുകളിലുമായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും, വൈദ്യുതി ലൈനുകളുടെ ദൈർഘ്യം എത്ര വർദ്ധിപ്പിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) സുനാമി പദ്ധതിയുടെ ഭാഗമായി കോവളം നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് ചെലവഴിച്ച തുക എത്രയെന്നും പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സുനാമി പദ്ധതിയുടെ ഭാഗമായി കോവളം നിയോജക മണ്ഡലത്തിൽ ബോർഡ് 2 പദ്ധതികളിലായി 319 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 9.90 ലക്ഷം രൂപ സി.എച്ച്.ആർ.പി. പദ്ധതിയിലും 310 ലക്ഷം രൂപ റ്റി.ആർ.പി. പദ്ധതിയിലും വിനിയോഗിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVED KERALA LEGISLATIVE ASSEMBLY